## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2606** **05/11/2019 ൽ മറുപടിക്ക്**

**ശബരിമലയിൽ മണ്ഡലകാലത്തിന്റെ ഒരുക്കത്തിനായി സ്വീകരിച്ചിട്ടുളള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | കടകംപളളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമല മണ്ഡലകാലത്തിന്റെ ഒരുക്കത്തിനായി പ്രളയ പശ്ചാത്തലത്തിൽ സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശബരിമല ദർശനത്തിന് എത്തുന്ന ലക്ഷകണക്കിന് അയ്യപ്പ ഭക്തർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ബേസ് ക്യാമ്പ് നിലയ്ക്കലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബേസ് ക്യാമ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ സ്വീകരിച്ച വരുന്നുണ്ട്. കെട്ടിടങ്ങൾ വിരിസ്ഥലങ്ങൾ എന്നിവയുടെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ചു. ശുചിമുറികളുടെ ഉപയോഗ ക്ഷമത വർദ്ധിപ്പിച്ചു. മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ ഇൻസിനറേറ്ററുകൾ മാലിന്യ പ്ലാന്റുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി സുരക്ഷിത ദർശനം സാധ്യമാകുന്നതിന് ആവശ്യമായ ബാരിക്കേഡുകളുടെ നിർമ്മാണം നിലവിലുളളവയുടെ അറ്റകുറ്റപണികൾ എന്നിവ പൂർത്തിയാക്കി. കുടിവെളളത്തിന് കഴിഞ്ഞ വർഷം നടപ്പിലാക്കിയ സംവിധാനത്തേക്കാൾ വിപുലമായി കൂടുതൽ സൗകര്യങ്ങൾ ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്.<br><br>ശബരിമലയിൽ അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയിൽ 35,000 ചതുരശ്ര അടിയും വലിയ നടപ്പന്തലിന്റെ കിഴക്ക് ഭാഗത്ത് |

| | | | |
|---|---|---|---|
| | | | കെട്ടിടത്തിന്റെ മുകളിൽ 12,000/- ചതുരശ്ര അടിയും പാണ്ടിത്താവളത്തിൽ 2,000 ചതുരശ്ര അടിയും വിസ്തീതിയിലുമുള്ള വിരിഷെഡ്ഡുകൾ സജ്ജമാക്കി. പമ്പയിൽ ടോയ് ലെറ്റ് കോംപ്ലക്സ് സ്ഥാപിച്ചു.<br>കുളിക്കടവ് നവീകരിച്ചു. കൂടാതെ സ്വാമി അയ്യപ്പൻ റോഡിലും കെ.എസ്.ആർ.ടി.സി-യ്ക്ക് സമീപം പമ്പയുടെ വിവിധ ഭാഗങ്ങളിലായി ബയോ ടോയ് ലറ്റുകളും മുൻ വർഷങ്ങളിലേക്കാൾ മെച്ചപ്പെട്ട രീതിയിൽ സ്ഥാപിച്ചു.<br>നിലയ്ക്കലിൽ തീർത്ഥാടകർക്ക് 1000 വാഹനങ്ങളുടെ അധിക പാർക്കിംഗിനായി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഓൺലൈൻ ബുക്കിംഗിനായി പോലീസുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ശബരിമല വരുമാനം കുറയുന്നത് ദേവസ്വം ബോർഡിനെയും ജീവനക്കാരെയും കഴിഞ്ഞ തവണ പ്രതിസന്ധിയിലാക്കിയ പശ്ചാത്തലത്തിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 2019-2020 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് 100 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.<br>സർക്കാർ വാഗ്ദാനം ചെയ്ത 100 കോടി രൂപയിൽ ആദ്യ ഗഡുവായി 30 കോടി രൂപ, 30.08.2019 ലെ സർക്കാർ ഉത്തരവുപ്രകാരം നൽകി കഴിഞ്ഞു. |

| | | | |
|---|---|---|---|
| (സി) | വിശ്വാസികൾക്കിടയിൽ വ്യാജപ്രചരണം നടത്തി ശബരിമലയുടെ സുഗമമായ പ്രവർത്തനം തടസ്സപ്പെടുത്തുന്നതിനും ഇതിലൂടെ വരുമാനനഷ്ടം വരുത്തുന്നതിനുമെതിരെ-<br>വിശ്വാസികളിൽ സത്യം ബോധ്യപ്പെടുത്തി അവബോധം സൃഷ്ടിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) | സ്ത്രീ പ്രവേശന വിധിയുടെ മറവിൽ ശബരിമലയിൽ ഭക്തരെന്ന വ്യാജേന എത്തിയ ചിലരാണ് പ്രശ്നങ്ങൾ ഉണ്ടാക്കിയത്. ഇത് മൂലം ശബരിമലയിൽ നടവരവിൽ കുറവുണ്ടായി. എന്നാൽ സർക്കാരും ദേവസ്വം ബോർഡും സമയോചിതമായി ഇടപെട്ട് മറ്റ് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കി യഥാർത്ഥ വിശ്വാസികൾക്ക് സുഗമമായ തീർഥാടന സൗകര്യം ഒരുക്കിയിരുന്നു. ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും നിലപാടുകൾ യഥാസമയം പൊതു ജനങ്ങളെയും വിശ്വാസികളെയും അറിയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ